## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 986 | 02.12. 2015-ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിനുള്ള നടപടിക്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) തൊഴിൽ വകുപ്പിന്റെ കണക്കു പ്രകാരം സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലിചെയ്യുന്നു വെന്ന് വ്യക്തമാക്കുമോ ; | (എ) സർക്കാർ ഉടമസ്ഥതയിലുള്ള സ്വയം ഭരണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, തിരുവനന്തപുരം-ന്റെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടു ണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിന് മുൻപ് തൊഴിലുടമ എന്തെല്ലാം നടപടിക്രമങ്ങ ളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ | (ബി) 1979ലെ ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരം അഞ്ചോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികളെ ഏതെങ്കിലും കരാറടിസ്ഥാനത്തിലോ കരാറുകാരൻ മുഖേനെയോ ഒരു സ്ഥാപനത്തിൽ ജോലിക്ക് നിയോഗിക്കുന്നതിന് തൊഴിലുടമ ട്ടി നിയമപ്രകാരമുള്ള രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും തൊഴിൽ വകുപ്പിൽ നിന്നും കരസ്ഥമാക്കേണ്ട താണ്. ഇത്തരത്തിൽ ലൈസൻസ് ലഭ്യമാക്കു ന്നതിലേയ്ക്കായി കോൺട്രാക്ടറുടെ അപേക്ഷയോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പൂർണ്ണമായ വിവരവും തൊഴിൽ വകുപ്പിലെ ലൈസൻസിംഗ് അതോറിറ്റിയ്ക്ക് നൽകേണ്ട തായിട്ടുണ്ട്. ഇതു കൂടാതെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് നേരിട്ട് കേരളത്തിൽ എത്തി വിവിധ തൊഴിൽ മേഖലകളിൽ പണിയെടുപ്പിക്കുന്ന പക്ഷം അത്തര ത്തിൽ പണിയെടുപ്പിക്കുന്ന തൊഴിലുടമ കൾ 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ ആക്ട് പ്രകാരവും |

| | |
|---|---|
| | 1948-ലെ മിനിമം വേതന നിയമപ്രകാരം 1960-ലെ കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും രജിസ്ട്രേഷൻ എടുക്കേണ്ടതും തൊഴിലാളിയെ സംബന്ധിച്ച രജിസ്റ്റർ. ബന്ധപ്പെട്ട റെക്കോർഡുകൾ സൂക്ഷിക്കേണ്ടതും നിയമങ്ങളിൽ പ്രതിപാദിക്കുന്ന ആരോഗ്യം, സുരക്ഷ, ക്ഷേമം തുടങ്ങിയവ ഉറപ്പുവരുത്തേണ്ടതുമാണ്. |
| (സി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകൾക്കെതിരെ എന്ത് നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) 1996 ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE&SC) നിയമപ്രകാരവും 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരവും നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലിടങ്ങളിലും താമസ സ്ഥലങ്ങളിലും പരിശോധന നടത്തി നിയമലംഘനങ്ങൾ നടത്തുന്ന തൊഴിൽ ഉടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, നിരോധന ഉത്തരവ് തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ